## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4942

27 .10.2016-ൽ മറുപടിയ്ക്ക്

# പട്ടയമില്ലാത്ത വീടുകൾക്ക് വൈദ്യുതി

**ചോദ്യം**

ശ്രീ. എം. എം. മണി

**മറുപടി**

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) പട്ടയമില്ലാത്തതിൽ പണികഴിപ്പിച്ചതും എന്നാൽ കെട്ടിട നമ്പർ ലഭിച്ചതുമായ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ തടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) എറണാകുളം ജില്ലയിൽ പി. വി. ഐ. പി പുറമ്പോക്ക് ഭൂമി കൈയ്യേറി കെട്ടിടം നിർമ്മിച്ചിട്ടുള്ള ശ്രീ. എം. ബി. പരീത് എന്നയാളുടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ 14/07/2014-ൽ ഉത്തരവാകുകയും പ്രസ്തുത കെട്ടിടത്തിലേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുവാൻ കെ. എസ്. ഇ. ബി വെള്ളൂർക്കുന്നം അസി. എക്സി. എഞ്ചിനീയർ നൽകിയ 25/08/2014-ലെ ഹർജി, നിലവിൽ കൈയ്യേറ്റം ഒഴിപ്പിക്കുവാൻ ഉത്തരവായിട്ടുള്ളതാണെന്ന കാരണത്താലും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഭൂമി കൈയ്യേറിയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് പെരുമ്പാവൂർ അസി. എക്സി. എഞ്ചിനീയർ വിചാരണ സമയത്ത് അറിയിച്ചതിന്റെ അടിസ്ഥാനത്തിലും 05/04/2016-ൽ നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ ശ്രീ.പരീതിന്റെ അയൽവാസിയായ ശ്രീമതി. അലീമ ബഷീറിനും ഇതേ കാരണങ്ങളാൽ കെ. എസ്. ഇ. ബി വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല.<br>പട്ടയമില്ലാത്തതിൽ പണികഴിപ്പിച്ചതും എന്നാൽ കെട്ടിട നമ്പർ ലഭിച്ചതുമായ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത് തടസ്സപ്പെടുത്താൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) സർക്കാർ നിർദ്ദേശമില്ലാതെ വൈദ്യുതി കണക്ഷൻ നൽകുന്നത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. പരാതികൾ ലഭിച്ചാൽ പരിശോധിക്കുന്നതാണ്. |
| (സി) ഇത്തരം ഭൂമിയിൽ പണിതീർത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നത് തടസ്സപ്പെടുത്താതിരിക്കാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർമാർക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) ഇതുമായി ബന്ധപ്പെട്ട് പവർ (ബി) ഡിപ്പാർട്ടുമെന്റിന്റെ ജി. ഒ. (എം. എസ്) നമ്പർ 22/2016/പി. ഡി. തീയതി, 06/10/2016-ാം നമ്പർ ഉത്തരവ് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ